**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1054** **18-09-2025 - ൽ മറുപടിയ്ക്ക്**

**മനുഷ്യ-വന്യജീവി സംഘർഷങ്ങൾ തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ അഞ്ചു വർഷത്തിൽ വന്യജീവി ആക്രമണങ്ങളാൽ ദിനംപ്രതി ആളുകൾ മരിക്കുമ്പോഴും പ്രസ്തുത കാലയളവിൽ അനുവദിച്ച ഫണ്ടിന്റെ 33 ശതമാനം മാത്രമാണ് ചെലവഴിച്ചതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ; | (എ) | 2021-22 മുതൽ 2024-25 വരെ മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ ഉൾപ്പെടുന്ന വിവിധ ബജറ്റ് ശീർഷകങ്ങളിൽ 16926.54 ലക്ഷം രൂപ വനം വകുപ്പിന് റിലീസ് ലഭിക്കുകയും ആയതിൽ 16466.90 ലക്ഷം രൂപ വിനിയോഗിക്കുകയും ചെയ്തിട്ടുള്ളതാണ്. അതായത് ലഭിച്ച തുകയിൽ 97.28% തുകയും വിനിയോഗിച്ചിട്ടുണ്ട്. നടപ്പു വർഷത്തിൽ നാളിതുവരെ 650.26 ലക്ഷം രൂപ റിലീസ് നൽകുകയും ആയതിൽ 273.69 ലക്ഷം രൂപ (42.09%) വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | മനുഷ്യ-വന്യജീവി സംഘർഷങ്ങൾ കുറയ്ക്കുന്നതിന് വിഭാവനം ചെയ്ത പദ്ധതികൾ പ്രായോഗികമായി നടപ്പിലാക്കുന്നതിൽ സംസ്ഥാന സർക്കാർ പരാജയപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പ്രധാന കാരണങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ; | (ബി) | മനുഷ്യ-വന്യജീവി സംഘർഷങ്ങൾ ലഘൂകരിക്കുന്നതിന് വിഭാവനം ചെയ്ത പദ്ധതികൾ പ്രായോഗികമായി നടപ്പിലാക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടില്ല. |
| (സി) | ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് വൈൽഡ്‌ലൈഫ് ഹാബിറ്റാറ്റ്സ് പദ്ധതിയിലും പ്രോജക്ട് എലിഫന്റ്, പ്രോജക്ട് ടൈഗർ പദ്ധതികളിലും അനുവദിച്ച തുകകൾ ഫലപ്രദമായി വിനിയോഗിക്കാൻ ഏതു തരത്തിലുള്ള നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ; | (സി) | കേന്ദ്രാവിഷ്കൃത പദ്ധതികളായ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് വൈൽഡ്‌ലൈഫ് ഹാബിറ്റാറ്റ്സ്, പ്രോജക്ട് എലിഫന്റ്, പ്രോജക്ട് ടൈഗർ എന്നിവയ്ക്ക് ഓരോന്നിനും തയ്യാറാക്കി അംഗീകരിച്ചിട്ടുള്ള മാനേജ്മെന്റ് പ്ലാനുകൾക്ക് അനുസൃതമായി ഓരോ വർഷവും വാർഷിക കർമ്മപദ്ധതി തയ്യാറാക്കുകയും ആയത് കേന്ദ്രസർക്കാരിന് സമർപ്പിക്കുകയും, കേന്ദ്രസർക്കാർ വാർഷിക കർമ്മപദ്ധതിയിൽ ആവശ്യമെങ്കിൽ മാറ്റങ്ങൾ വരുത്തി അംഗീകരിച്ചുമാണ് തുക അനുവദിക്കുന്നത്. ആയതിന് റിലീസ് ലഭ്യമാകുന്ന തുക ഏതാണ്ട് പൂർണ്ണമായും വിനിയോഗിക്കുന്നുണ്ട്. മാനേജ്മെന്റ് പ്ലാനുകൾ തയ്യാറാക്കുന്നതിനും വാർഷിക കർമ്മപദ്ധതി തയ്യാറാക്കുന്നതിനും അതനുസരിച്ച് തുക വിനിയോഗിച്ച് പ്രവൃത്തികൾ നടപ്പിലാക്കുന്നതിനും സർക്കിൾ തലത്തിലും വനം വകുപ്പ് ആസ്ഥാനത്തും കൃത്യമായ അവലോകനം ചെയ്യാറുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | വന്യജീവി ആക്രമണങ്ങളാൽ കൊല്ലപ്പെട്ടവരുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിലുണ്ടായ വലിയ കുടിശ്ശിക കൊടുത്തു തീർക്കാൻ കേന്ദ്രവും സംസ്ഥാനവും ചേർന്ന് ഏത് രീതിയിലാണ് പ്രവർത്തിക്കുന്നത്; വിശദമാക്കാമോ? | (ഡി) | കേന്ദ്ര-സംസ്ഥാന വിഹിതം 60:40 അനുപാതത്തിലുള്ള IDWH, പ്രോജക്ട് എലിഫന്റ് എന്നീ പദ്ധതികളും 100% സംസ്ഥാനവിഹിതമുള്ള MRMAC, റിലീഫ് ടു വിക്ടിംസ് എന്നീ പദ്ധതികളിൽ നിന്നുമാണ് മനുഷ്യ-വന്യജീവി സംഘർഷങ്ങളിൽ മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരം നൽകിവരുന്നത്. IDWH, പ്രോജക്ട് എലിഫന്റ് എന്നീ പദ്ധതികളുടെ വിവിധ ഘടകങ്ങളിൽ ഒരു ചെറിയ ഘടകം മാത്രമാണ് നഷ്ടപരിഹാരത്തിനായുള്ളത്. നഷ്ടപരിഹാരം നൽകുന്നതിന്റെ സിംഹഭാഗവും സംസ്ഥാന ഫണ്ടായ MRMAC, റിലീഫ് ടു വിക്ടിംസ് എന്നീ പദ്ധതകളിൽ നിന്നുമാണ് ചെലവഴിക്കുന്നത്. അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ചട്ടപ്രകാരമുള്ള നടപടികൾ പൂർത്തീകരിച്ച് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മനുഷ്യ-വന്യജീവി സംഘർഷങ്ങളിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് സമയബന്ധിതമായി നഷ്ടപരിഹാരം നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ